കടലിനെപ്പറ്റി കടലോളം പരന്ന അറിവുകൾ പേറുന്ന കടൽമനുഷ്യനാണ് സുധി. അയാൾ കടലാഴങ്ങളിൽ മുങ്ങിനിവരുന്നത് പാരിസ്ഥിതികമായ പുതിയ അറിവുകളുമായാണ്. സുധിയെയും സുധി അറിഞ്ഞ കടലിന്റെ അഗാധതകളെയും കുറിച്ചാണ് ഈ കടലെഴുത്ത്.

# കടൽമനുഷ്യൻ

റോബർട്ട് പനിപ്പിള്ള

ശംഖുമുഖത്തുനിന്ന് വള്ളത്തിൽ കയറി കടലിലേക്കു യാത്ര തിരിച്ചാൽ തെക്ക് അങ്ങകലെ കടലിലേക്കു കയറിനിൽക്കുന്ന ഒരു വലിയ മല കാണാം. കടലിലിറങ്ങാൻ പേടിയുള്ളവർക്കു വലിയതുറ കടൽപാലത്തിലെത്തി നോക്കിയാലും ഇതു കാണാം. കോവളം മലയെന്നാണിതിന്റെ വിളിപ്പേര്. ശംഖുമുഖത്തെ തീരത്തുനിന്ന് കടലിലേക്ക് ഒരു കി.മീ. സഞ്ചരിച്ചാലേ കാഴ്ചയിൽ ആ മല കടലിൽ അവസാനിക്കുന്നതിനു നേരെ നമുക്ക് എത്താൻ കഴിയൂ. കോടിക്കൊപ്പം എന്നാണ് ആ പ്രദേശത്തെ കടൽപണിക്കാർ പറയുന്നത്. കോടിയെന്നാൽ കടലിലേക്കു തള്ളിനിൽക്കുന്ന കരയുടെ, തുരുത്തിന്റെ അറ്റം. കോവളത്തെ ഇന്നത്തെ ലീലാ ഹോട്ടൽ നിലനിൽക്കുന്ന മലയാണിത്. അതിനു വടക്ക് തയ്ക്കാപ്പള്ളിക്കു നേരെ ഒന്നു രണ്ടു പാറക്കൂട്ടങ്ങൾ ഉണ്ടെങ്കിലും ശരിക്കും കോവളം മല മുതൽ തെക്കോട്ട് അടിമലത്തുറയുടെ വടക്കേ അതിരുവരെ തീരത്തുടനീളം മലകളും കുന്നുകളും പാറക്കൂട്ടങ്ങളും നിറഞ്ഞ ഇടമാണ്. കോവളം മല കടലിലേക്ക് കൂടുതൽ ഇറങ്ങിനിൽക്കുന്നതിനാൽ വടക്കുനിന്നുള്ള കാഴ്ചയിൽ മറ്റെല്ലാ തീരവും മറയുന്നുവെന്നു മാത്രം.

വർഷങ്ങൾക്കു മുമ്പ് കടലിലൂടെയുള്ള യാത്രയിലാണ് ആ തീരഭൂമിയുടെ ശരിക്കുള്ള ഭംഗി ഞാനാദ്യമായി ആസ്വദിച്ചത്. കടലിൽ കിടന്ന് തീരത്തോട് ചേർന്നുള്ള മലകളുടെയും പാറക്കൂട്ടങ്ങളുടെയും പ്രകൃതിഭംഗി കാണുന്നതിന്റെ സുഖം ഒന്നു വേറെയാണ്. കടലിന്റെ മാറിലേക്ക് ചാഞ്ഞമർന്നു കിടക്കുന്ന അനവധി പാറക്കൂട്ടങ്ങൾ, അവയോട് ചേർന്നുനിൽക്കുന്ന മലനിരകൾ, ഈ മലകളെയും പാറകളെയും വിസ്തരിച്ചറിയാൻ പിന്നെയും പലകുറി കടൽയാത്ര നടത്തേണ്ടിവന്നു. വിഴിഞ്ഞം തീരത്തിന്റെ പ്രാധാന്യം, തീരത്തോട് ചേർന്ന് കരയിൽ കാണുന്ന ഈ പ്രകൃതിഭംഗി മാത്രമല്ല. ഇവയോടു ചേർന്ന് കടലിനടിയിലുള്ള 33 പാരുകളും അതിലെ ജൈവപരമായ പ്രത്യേകതകളുംകൂടിയാണെന്നും മനസ്സിലാക്കാൻ പിന്നെയും കുറെ കാലമെടുത്തു.

നമ്മൾ കരയിൽ ഓരോ പ്രദേശത്തെയും ഓരോരോ പേരിട്ട് വിളിക്കുംപോലെ കടൽക്കരയിലെ ഇവ ഓരോന്നിനും ഓരോരോ പേരുണ്ട്. മാത്രമല്ല കടലിനടിയിൽ പാരുകളുള്ള ഈ ഓരോ പ്രദേശങ്ങളും പ്രത്യേകം പ്രത്യേകം പേരുകളിലാണറിയപ്പെടുന്നത്. ഉദാഹരണമായി ഇപ്പോൾ വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ ഭാഗമായി റോഡും മറ്റും നിർമിക്കാൻ ഇടിച്ചുനിരത്തുന്ന മലയുടെ പേര് കരിമ്പള്ളിക്കര മല എന്നാണ്. അതിനോടു ചേർന്ന് 10 മീറ്റർ ആഴമുള്ള കടലിലെത്തിയാൽ മറ്റൊരു പാരുണ്ട് (ഇനി മുതൽ അതുണ്ടായിരുന്നു എന്നേ പറയാനാവൂ). കുളത്തുകല്ല് പാര് എന്നാണ് പേര്. തൊട്ടടുത്ത ഓച്ചംകുന്നിനു നേരെ കടലിലെ പാരിന്റെ പേര് ആനക്കല്ല് പാര് എന്നാണ്. മുല്ലൂർ ക്ഷേത്രമിരിക്കുന്ന വെള്ളയം മലക്കു നേരെയുള്ളത് അദവാപാറപ്പാര്. ചെവ്വരയിലെ സോമതീരം ഹോട്ടലിരിക്കുന്ന മലകൾക്കു നേരെ കടലിനടിയിൽ മറ്റൊരു മലയുണ്ട്. ചെവ്വരക്കല്ല് പാര് എന്നാണ് അതിന്റെ വിളിപ്പേര്. ചെവ്വര കുന്നിന്റെ തെക്കേ അതിർത്തിയോടടുത്ത് കടലിൽ കുറെ വലിയ പാറക്കൂട്ടങ്ങളുണ്ട്. അതാണ് പെരുമാക്കല്ല് പാര്. ഇത്തരത്തിൽ കടലിനുള്ളിലെ ജീവജാലങ്ങൾക്ക് ജീവിക്കാനാവശ്യമായ എല്ലാം നൽകുന്ന സ്വയംപര്യാപ്തമായ വ്യത്യസ്ത പ്രദേശങ്ങളാണ് പാരുകൾ. ഈ പ്രദേശങ്ങളെപ്പറ്റി കടലിലെ ജീവജാലങ്ങൾക്കും പിന്നെ മത്സ്യത്തൊഴിലാളികൾക്കും മാത്രമേ അറിയൂ.

കോവളം മലയുടെ പടിഞ്ഞാറേ അറ്റത്തെ മലമുകളിൽനിന്ന് കടലിലേക്ക് ചരിഞ്ഞിറങ്ങിനിൽക്കുന്ന പാറക്കൂട്ടം ഉണ്ട്. ലീലാ ബീച്ചിൽനിന്ന് നോക്കിയാൽ ആ പ്രദേശം വിസ്തരിച്ചു കാണാം. കോവളത്ത് കട്ടമരം സ്വന്തമായില്ലാത്ത മണികണ്ഠനെ




↓ സുധി

ചിത്രങ്ങൾ • ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്

പോലുള്ള തൊഴിലാളികൾ അതുവഴി കടലിലേക്കിറങ്ങിപ്പോകുന്നതും ചിപ്പിവാരിയും ശംഖുശേഖരിച്ചും അവർ അതേ വഴി തിരികെയെത്തുന്നതുമായ ദൃശ്യങ്ങൾ കടലിനടിയിലേതുൾപ്പെടെ ഞാൻ കാമറയിൽ പകർത്തിയിട്ടുണ്ട്. കരയിൽ നിന്നാൽ അവിടെ കാണുന്ന ഏറ്റവും വലിയ പാറയാണ് ആനപ്പാറ. വലുപ്പംകൊണ്ടു മാത്രമല്ല, രൂപംകൊണ്ടും അത് ആ പേരിനോട് ചേർന്നുനിൽക്കുന്നു. ആനപ്പാറക്കു കീഴെ മറ്റു ചില ചെറുപാറകൾ. ഈ പ്രദേശത്തിനു ചുറ്റും കടലിനടിയിലായും ഇതേപോലെ ധാരാളം പാറകളുണ്ട്. മുകളിലെ പാറകൾ ഉണങ്ങി വരണ്ട് ജീവച്ഛവമായി നിൽക്കുകയാണെങ്കിൽ ഇതിനടുത്ത കടലിനടിയിലെ പാറകൾ അനന്തമായ ജീവാദ്ഭുതങ്ങളുടെ കലവറയാണ്. ഇവിടത്തെ കടലിന്റെ നിഗൂഢമായ ഹരിത രഹസ്യം തേടി വർഷാവർഷമെത്തുന്ന വിദേശികളെ എനിക്കറിയാം.

നാട്ടിൻപുറങ്ങളിലെ ചന്തകൾ കണക്കേ എല്ലാ ദിവസവും രാവിലെ ഏഴു മുതൽ പതിനൊന്നു മണിവരെ ഈ പ്രദേശത്തെ കടൽ തിരക്കോട് തിരക്കാണ്. കടലിനടിയിലെ പാറയിടുക്കിലെ സ്ഥിരവാസികളായ റാളിനെ / ചീറ്റക്കൊഞ്ചിനെ (Lobster) കെണിവെച്ചു പിടിക്കുന്നവർ, പാറയിടുക്കിൽ പതുങ്ങിനിൽക്കുന്ന കലവ, ചെമ്പല്ലി പോലുള്ള മത്സ്യങ്ങളെ തോക്കുപോലെ തോന്നിക്കുന്ന ഒരുപകരണവുമായി മുങ്ങാംകുഴിയിട്ട് ഉന്നം നോക്കി ശരമെയ്ത് പിടിക്കുന്ന ഹാർപ്പൂണിങ് മീൻപിടിത്തക്കാർ, പാറമുകളിലെ ചിപ്പികളും പാറയിടുക്കിലെ ശംഖുകളും ശേഖരിക്കുന്ന തൊഴിലാളികൾ, പാറക്കെട്ടുകൾക്കു മുകളിൽ നിൽക്കുന്ന മത്സ്യങ്ങളെ പ്രത്യേകതരം വലകൾ വെച്ചുപിടിക്കുന്നവർ, കടലിനടിയിലെ കൗതുക കാഴ്ചകൾ സ്നോർക്ലിങ്ങിലൂടെ കാണുകയും കാമറയിൽ പകർത്തുകയും ചെയ്യുന്ന വിദേശികൾ... അങ്ങനെ പോകുന്നു ആൾക്കൂട്ടത്തിലെ വൈവിധ്യം.

പാറമുകളിലെ ചിപ്പികൾ ഉളികൊണ്ട് ചെത്തി പാടപോലെയെടുക്കുമ്പോൾ അതിനുള്ളിൽ നാനാതരം ജീവജാലങ്ങളുമുണ്ടാവും. കട്ടമരത്തിലിരുന്ന് കടലിൽവെച്ചുതന്നെ ചിപ്പികൾ വേർതിരിച്ച് കോട്ടുമാലി (നൈലോ കൂട)യിലാക്കുമ്പോൾ ഈ

ജീവികൾ വീണ്ടും കടലിലേക്കുതന്നെ പോകും. കരയിലെ മനുഷ്യർ കണ്ടിരിക്കാനിടയില്ലാത്ത അപൂർവയിനം ജീവികളായിരിക്കുമവ. അവയുടെ ചിത്രങ്ങളെടുക്കാനുള്ള ഏകവഴി ചിപ്പിത്തൊഴിലാളികളോടൊപ്പം ചാളത്തടിയിൽ കാമറയുമായി പോകുകയെന്നതുതന്നെ.

അങ്ങനെയൊരിക്കൽ ഞാൻ കടലിലായിരിക്കുമ്പോൾ തൊട്ടടുത്ത് മറ്റൊരു കട്ടമരത്തിൽനിന്ന് കൈയിലൊരു കാമറയുമായി സുധി മുങ്ങാംകുഴിയിടുന്നതു കണ്ടു. അൽപം കഴിഞ്ഞ് സുധി വെറുംകൈയുമായി പൊന്തി വന്നു. കാമറയെങ്ങാനും നഷ്ടപ്പെട്ടോയെന്നു ഞാനാലോചിക്കുന്നതിനിടെ സുധി കടലിൽ കിടന്നുകൊണ്ടുതന്നെ അയാളുടെ ചാളത്തടിക്കുള്ളിലേക്ക് കൈയിട്ട് ഒരു ഉളി എടുക്കുന്നതും തിരികെ വീണ്ടും കടലിനടിയിലേക്കു പോകുന്നതും കണ്ടു. എഴുപത് സെക്കൻറ് കഴിഞ്ഞു കാണും അയാൾ തിരികെയെത്തി മരത്തിലേക്കു കയറി. ഇപ്പോൾ അയാളുടെ കൈയിൽ ഉളി മാത്രമേയുള്ളൂ. പക്ഷേ, കാമറ നഷ്ടപ്പെട്ടതിൻെറ ലക്ഷണമൊന്നും അയാളുടെ മുഖത്ത് കാണാനില്ല. പിന്നിലേക്ക് ഞാണു കിടന്ന മുടിയിലെ വെള്ളം ഇരുകൈകൾകൊണ്ട് വാർത്തു



↓ ആനക്കല്ല്

കളഞ്ഞശേഷം അയാൾ മുഖത്തെ നനവ് തുടക്കുന്നതിനിടെ എന്നെ നോക്കി ചിരിച്ചു. ആ ചിരിയിൽ കാമറക്കൊന്നും സംഭവിച്ചിട്ടില്ലെന്നു ഞാനുറപ്പിച്ചു. എന്താണ് പുതിയ പണിയെന്ന് സുധിയോടു തിരക്കി. പുതിയൊരു കസ്റ്റമറിനുവേണ്ടി കടലിനടിയിലെ കുറച്ചു ചിത്രങ്ങൾ പകർത്തിക്കൊടുക്കുകയാണെന്നയാൾ പറഞ്ഞു. കസ്റ്റമർ നൽകിയ കാമറയാണെന്നും അതിപ്പോൾ കടലിനടിയിൽ ഒരിടത്ത് ഓൺ ചെയ്തുവെച്ചിട്ടുണ്ടെന്നും അയാൾ കൂട്ടിച്ചേർത്തു. കാമറയുടെ അടിയിൽ ഒരു കിലോയിലധികം ഭാരമുള്ള ഈയംപ്ലേറ്റ് സ്ക്രൂചെയ്ത് പിടിപ്പിച്ചിട്ടുള്ളതിനാൽ ഇന്നത്തെ ഒഴുക്കിൽ അതിനൊന്നും സംഭവിക്കില്ലെന്നും അയാൾ വിശദീകരിച്ചു.

ചുരുക്കിപ്പറഞ്ഞാൽ കസ്റ്റമറിനുവേണ്ടി കടലിനടിയിലെ കൗതുക മത്സ്യങ്ങൾ കൂട്ടത്തോടെ വിലസുന്ന കുറെ നല്ല ചിത്രങ്ങൾ കാമറയിൽ പകർത്തുന്ന ജോലിയാണ് സുധി ഏറ്റെടുത്തിരിക്കുന്നത്. സുധിയുടെ നിർദേശപ്രകാരമാണ് കാമറയിൽ ഈയം ഘടിപ്പിച്ചത്. ഫ്രീ ഡൈവിങ് നടത്തുന്ന സുധിയെപ്പോലുള്ള ഒരാൾക്ക് കടലിനടിയിലെ ചിത്രങ്ങൾ ദീർഘനേരം കാമറയിൽ പകർത്താനുള്ള ഉപാധിയാണ് അയാൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ കാമറ വെക്കാനുള്ള ഇടം തിരഞ്ഞെടുക്കുന്നതിലും ശ്രദ്ധ വേണം. കാമറ വെക്കാൻ പറ്റിയ നിരപ്പായ ഇടമുള്ള പാരായിരിക്കണമത്. അതേക്കാൾ പ്രധാനം, നാം എന്താണോ പകർത്താനുദ്ദേശിച്ചിരിക്കുന്നത് അതിനനുയോജ്യമായ പാരായിരിക്കണം തിരഞ്ഞെടുക്കാൻ. ഇവിടത്തെ പാരുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് അളുവാക്കല്ലാണ്. അവിടെയാണ് സുധി സ്ഥിരമായി ഹാർപ്പൂണിങ് നടത്തുന്നത്. എന്നാൽ, ഇപ്പോൾ കാമറ വെച്ചിരിക്കുന്നത് കരക്കല്ലിലാണ്. കാരണം അവിടെ നിറയെ വർണ മത്സ്യങ്ങളുണ്ട്. വെറുതെ കാമറ വെച്ചാൽ മാത്രം പോരാ. കാമറക്കു മുന്നിൽ മത്സ്യങ്ങളെ വരുത്താനുള്ള സൂത്രം സുധിക്കറിയാം. അതിനാണയാൾ ഉളിയുമായി രണ്ടാമത് ചെന്നത്. അവിടെയെത്തി കാമറ ഫോക്കസ് ചെയ്തിരിക്കുന്ന പാറമുകളിൽ ഉളികൊണ്ട് ഒരു പോറൽ വീഴ്ത്തും. കടലിനടിയിലെ പാറമുകളിൽ ജൈവപാളിയുണ്ടാവും, തീരത്തോടടുത്ത കടലിനടിയിലെ പാറമുകളിലാണെങ്കിൽ പ്രത്യേകിച്ചും. പ്രകൃതി അനാവരണംചെയ്തിരിക്കുന്ന ആ ജൈവ പുതപ്പിനുള്ളിലാണ് പാരുകളിലെ സ്ഥിരവാസികളായ ചെറു ജീവികളുടെ വ

**വെറുതെ കാമറവെച്ചാൽ മാത്രം പോരാ. കാമറക്കു മുന്നിൽ മത്സ്യങ്ങളെ വരുത്താനുള്ള സൂത്രം സുധിക്കറിയാം. അതിനാണയാൾ ഉളിയുമായി രണ്ടാമത് ചെന്നത്. അവിടെയെത്തി കാമറ ഫോക്കസ് ചെയ്തിരിക്കുന്ന പാറമുകളിൽ ഉളികൊണ്ട് ഒരു പോറൽ വീഴ്ത്തും. കടലിനടിയിലെ പാറമുകളിൽ ജൈവപാളിയുണ്ടാവും, തീരത്തോടടുത്ത കടലിനടിയിലെ പാറമുകളിലാണെങ്കിൽ പ്രത്യേകിച്ചും.**

ലിയ ലോകം. അവിടെ അശ്രദ്ധമായി നാമൊന്നു കാൽവെച്ചാൽ അതിനടിയിൽ അനേകജീവൻ ഞെരിഞ്ഞമർന്നെന്നിരിക്കും. സുധിയുടെ ഉളികൊണ്ടുള്ള ഉരസൽകാരണം പാറമുകളിലെ ജൈവപാളിക്കുള്ളിൽനിന്നും പലതരം ചെറുജീവികൾ പുറത്തുവരും. അതിൽ പാറഞണ്ടുകൾ, ബ്രിട്ടിൽസ്റ്റാറുകൾ, പലതരം വിരകൾ, ഷ്റിമ്പുകൾ ഇവയെല്ലാമുണ്ടാവും. ഒട്ടും താമസിയാതെ കരക്കല്ലിനു ചുറ്റുമുള്ള കൗതുകമത്സ്യങ്ങൾ അവിടേക്കു വന്നണയും. പിന്നെ കാമറക്കു മുന്നിൽ തലങ്ങും വിലങ്ങും നീന്തിത്തുടിക്കുന്ന വർണമത്സ്യങ്ങളുടെ ചിറകടിയാവും. ഇതാണ് സുധിയുടെ തന്ത്രം. ആ രംഗങ്ങൾ കൃത്യമായി ഒപ്പിയെടുക്കാൻ കഴിയുംവിധമാണ് അവിടെ കാമറ ഫോക്കസ് ചെയ്തുവെച്ചത്. പതിനഞ്ചു മിനിറ്റ് കഴിഞ്ഞ് സുധി തിരികെ പോയി കാമറ എടുത്തുകൊണ്ടു വന്നു. കരയിലെത്തി ഉടൻതന്നെ ആ കാമറയിലെ മെമ്മറികാർഡ് എന്റെ ലാപ്ടോപ്പിലിട്ട് സുധിയും സുധിയുടെ കസ്റ്റമറും ഞാനുംകൂടി കാണാനിരുന്നു. അത്രയും സമയത്തിനുള്ളിൽ ആ കാമറക്കണ്ണുകൾ ഒപ്പിയെടുത്ത കരക്കല്ലിലെ കാഴ്ച കണ്ടിരുന്നപ്പോൾ സുധിയുടെ കസ്റ്റമറിന്റെ കണ്ണുകൾ സന്തോഷത്താൽ വിടരുന്നതു കണ്ടു. അയാൾ സുധിക്ക് പ്രതിഫലവും നൽകി കാമറയുമായി യാത്രയായി. സുധിയും കുളിച്ച് വേഷം മാറി വരാമെന്നു പറഞ്ഞിറങ്ങി. ഞാൻ അയാളുടെ വരവിനായി അവിടെ കാത്തിരുന്നു.

സമുദ്ര ജൈവവൈവിധ്യത്തിന്റെ ഡോക്യുമെന്റേഷൻ സഗൗരവം നടത്തിവരുന്ന ഒരു പ്രവർത്തകനെന്ന നിലയിൽ അവിടെ നടന്ന കാര്യങ്ങൾ മനസ്സിൽ വീണ്ടും ചില ചിന്തകൾ ഉണർത്തിവിട്ടു. കാമറയിലൂടെ കടലിന്റെ തനതു പ്രകൃതിയിൽ കാഴ്ച കണ്ടപ്പോൾ ആ കസ്റ്റമറുടെ മുഖത്ത് തെളിഞ്ഞ സന്തോഷവും സംതൃപ്തിയും മനസ്സിൽ മായാതെനിന്നു. കാണുന്നതെല്ലാം തനിക്കു സ്വന്തമാകണം എന്ന മനുഷ്യന്റെ അദമ്യമായ മോഹത്തിൽനിന്നാവണം കാമറയുടെ ഉദ്ഭവമെങ്കിൽ തനിക്കു കാണാൻ കഴിയുമായിരുന്നില്ലാത്തതുപോലും സ്വന്തമാക്കിയതിന്റെ അഹംഭാവം അയാളുടെ മുഖത്തുണ്ടായിരുന്നില്ലേ? പക്ഷേ, താൻ കണ്ടതു കരക്കല്ലിലെ ജൈവ സ്രോതസ്സിന്റെ ചെറിയൊരംശം മാത്രമാണെന്ന് ഞാൻ പറയാനാശിച്ചതു കേൾക്കാൻ അയാൾക്കു ക്ഷമയുണ്ടായിരുന്നില്ല. പത്തു മുപ്പത്തഞ്ചു വർഷത്തെ എന്റെ പ്രവർത്തനാനുഭവം എന്നെ പഠിപ്പിച്ചതും അതാണ്. കടലും തീരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ധാരാളം പേരുണ്ടെങ്കിലും കടലിനെപ്പറ്റി തങ്ങൾക്കു താൽപര്യമുള്ള കാര്യങ്ങൾ അറിയാനേ അവർക്കു ക്ഷമയുണ്ടാവൂ.



↓ സുധി

കാമറക്കാഴ്ചകളിലേക്ക് മനസ്സ് തിരികെവന്നു. പത്തോളം ഇനം ഡാംസൽ മത്സ്യങ്ങൾ, ഏയ്ഞ്ചൽ മത്സ്യം, ഫയൽ മത്സ്യം, വിവിധ ബട്ടർഫ്ലൈ മത്സ്യങ്ങൾ, ബോക്സ്ഫിഷുകൾ, ട്രിഗർ മത്സ്യങ്ങൾ, റാസേ(wrass) മത്സ്യങ്ങൾ, പഫർ മത്സ്യങ്ങൾ, പാരറ്റ് മത്സ്യങ്ങൾ തുടങ്ങി ഒട്ടേറെ മത്സ്യജാതികൾ അതുവഴി വന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ഈ മത്സ്യങ്ങൾക്കായുള്ള കണക്കെടുപ്പിന് കടൽക്കരയിൽ ഞാൻ ചെലവിട്ട സമയത്തിനു കൈയും കണക്കുമുണ്ടാവില്ല. ഇടക്ക് പത്രങ്ങളിൽ ചില ചത്ത മത്സ്യങ്ങളുടെ വാലും ചിറകും വിരിച്ചുവെച്ച ഫോട്ടോയുമായി വാർത്ത വരുന്നതുകണ്ടിട്ടുണ്ട്. കരയിൽനിന്ന് നടത്തുന്ന കടലിലെ ജീവജാലങ്ങളെപ്പറ്റിയുള്ള ഇത്തരം കണ്ടുപിടിത്തങ്ങൾക്കായി നമ്മുടെ രാജ്യം വളരെയേറെ സമ്പത്ത് ചെലവിടുന്നുണ്ടാവും. കേരളത്തിലെ കടലിന്റെ ഏതെങ്കിലുമൊരു ചെറിയ പ്രദേശത്തിന്റെപോലും തനതു പ്രകൃതിയെ അതിനുള്ളിലെത്തി പഠിക്കാനോ ആ ആവാസവ്യവസ്ഥക്കുള്ളിലെ ജൈവവൈവിധ്യത്തെ സംബന്ധിച്ച മൂല്യനിർണയം നടത്താനോ നാളിതുവരെ നമ്മുടെ ശാസ്ത്രലോകത്തിന് സാധിച്ചതായി അറിയില്ല. ഇവിടെയാണ് സുധിയും സുധിയെപോലുള്ളവരും നമുക്ക് മാർഗദർശികളാകുന്നത്.

അച്ഛനും അമ്മയും ആറ് മക്കളും അടങ്ങുന്ന കുടുംബത്തിനു തുണയേകാൻ പത്താംക്ലാസിൽ പഠിത്തം നിർത്തി അച്ഛനോടൊപ്പം ചിപ്പിയെടുക്കാൻ മുങ്ങാംകുഴിയിട്ടു തുടങ്ങിയ സുധിക്ക് കോവളത്തെ കടലിനടിയിലെ ഓരോ പാരിന്റെയും അതിലെ ജീവികളുടെയും സ്പന്ദനമറിയാം. ആഴക്കടലിലെ കലവ മത്സ്യങ്ങൾ (Crouper), കൊടുമ്പല്ലികൾ (Snapper), കുറുതല മത്സ്യങ്ങൾ (Humpback red snapper) തുടങ്ങി കടലാമകൾവരെ ഏതൊക്കെ സീസണുകളിൽ ഈ പാറയിടുക്കുകൾ തേടി വരുമെന്നും എപ്പോൾ തിരികെ പോകുമെന്നും സുധിക്കു നന്നായറിയാം. ഇത്തരം മത്സ്യങ്ങൾ ഈ പാറയിടുക്കുകളിൽ എവിടെ തങ്ങും, എവിടെനിന്ന് ഇര പിടിക്കും എന്നിവയെല്ലാം അയാൾക്കു മനഃപാഠം.

സുധി തിരികെയെത്തിയതും ഞങ്ങൾ വെറുതെ കടൽവർത്തമാനം പറഞ്ഞുതുടങ്ങി. ഒന്നു തുടങ്ങിയാൽ മതി പിന്നെ ഓർമകളുടെ കടലിരമ്പംപോലെ ഓരോന്ന് സുധിയെടുത്തിടും. തൊഴിലാളികളുടെ അനുഭവങ്ങളിലൂടെയുള്ള അറിവിൽ ആത്മാഭിമാനംകൊള്ളാൻ സുധിയെപോലെ കുറെ കൂട്ടുകാരുണ്ടായാൽ മതി. ഇവരുടെ അറിവിനെയും അനുഭവങ്ങളെയും ആധുനികശാസ്ത്രവുമായി ഒന്നിപ്പിക്കുകയെന്നതാണ് ആവശ്യം.

ഒരുകാലത്ത് കോവളം കടപ്പുറത്തെ ചിപ്പിത്തൊഴിലാളികൾക്കിടയിൽ പ്രധാനിയായിരുന്നു സുധിയുടെ അച്ഛൻ വേലുക്കുട്ടി. കുഞ്ഞുനാളിൽ അച്ഛന്റെ കൈ പിടിച്ച് സുധി കോവളത്തെ കടലിന്റെ കരയിൽ വരും. വേലുവിന് കടലിലേക്ക് ചെല്ലാൻ കട്ടമരം എടുത്തുവെക്കാൻ സഹായിക്കും. അച്ഛൻ കട്ടമരത്തിൽ ചിപ്പി എടുക്കാൻ പോയി തിരികെ വരുംവരെ കടൽതീരത്ത് തിരകളെ കൂട്ടുകാരാക്കി കളിച്ചു രസിക്കും. ആദ്യമാദ്യം ചെറുതിരകളോടൊത്ത് നീന്തിയും വലിയ തിര വരുമ്പോൾ അതിനുള്ളിലൊളിച്ചും പിന്നെപ്പിന്നെ തിരക്കുമുകളിലേക്ക് കുത്തിമറിഞ്ഞും അയാൾ കടലിന്റെ പ്രിയപ്പെട്ട കൂട്ടുകാരനായി മാറി. അറിഞ്ഞറിഞ്ഞ് അവധി ദിവസങ്ങളിൽ അയാളുടെ കൂട്ടുകാരും കടൽക്കരയിലെത്തുമായിരുന്നു. രണ്ടുപേരുടെ തോളിലേറി ഉയർന്നുചാടി തലകുത്തിമറിഞ്ഞ് കടലിലേക്കു പതിക്കുമ്പോൾ കിട്ടുന്ന ആത്മധൈര്യം കുറച്ചൊന്നുമല്ല. കടലമ്മയുടെ കരങ്ങളിൽ എല്ലാം ഭദ്രമാണെന്ന് വിശ്വാസം.

**അച്ഛനും അമ്മയും ആറ് മക്കളും അടങ്ങുന്ന കുടുംബത്തിനു തുണയേകാൻ പത്താംക്ലാസിൽ പഠിത്തം നിർത്തി ചിപ്പിയെടുക്കാൻ മുങ്ങാംകുഴിയിട്ടു തുടങ്ങിയ സുധിക്ക് കോവളത്തെ കടലിനടിയിലെ ഓരോ പാരിന്റെയും അതിലെ ജീവികളുടെയും സ്പന്ദനമറിയാം. കലവ മത്സ്യങ്ങൾ, കൊടുമ്പല്ലികൾ, കുറുതല മത്സ്യങ്ങൾ തുടങ്ങി കടലാമകൾവരെ ഏതൊക്കെ സീസണുകളിൽ വരുമെന്നും എപ്പോൾ തിരികെ പോകുമെന്നും നന്നായറിയാം.**

ഒമ്പത് മണിയാവുമ്പോൾ മരം നിറയെ ചിപ്പിയുമായി വേലു കരയണയും. അപ്പോൾ സുധിയുടെ കണ്ണുകൾ പരതുന്നത് മരത്തിനു പിറകിൽ കെട്ടിയിട്ടിരിക്കുന്ന ചരടിലേക്കാണ്. കടൽക്കരയിലെ മണൽപരപ്പിൽ മരം സുരക്ഷിതമായെത്തിയാലും ആ ചരട് വെള്ളത്തിലേക്കുതന്നെ നീണ്ടു കിടക്കും. വേലു അത് വലിച്ച് കരക്കടുപ്പിച്ചാലുടൻ അതിന്റെ അകത്തു കെട്ടിയിട്ട കോട്ടുമാലിൽ സുധി പോയി തൊടും. അതിൽ റാളുകളാണ്. മീശപോലെ നീണ്ട തുമ്പുകളുള്ളവ. മിക്കവാറും പല വലുപ്പത്തിൽ നാലഞ്ചെണ്ണമുണ്ടാവും. അവയിൽ കുട്ടിറാളുകളെയാണ് സുധിക്ക് കൂടുതൽ ഇഷ്ടം. ഒരിക്കൽ ഒരു വലിയ റാളിന്റെ വയറിൽ പരുപരുത്തതെന്തോ പറ്റിപ്പിടിച്ചിരിക്കുന്നതു കണ്ടു. പിന്നെ അതേപ്പറ്റി ഒരു നൂറു ചോദ്യങ്ങൾകൊണ്ട് സുധി വേലുവിനെ വീർപ്പുമുട്ടിച്ചു. അതൊരു പെറാളാണെന്നും പറ്റിപ്പിടിച്ചിരിക്കുന്നത് അതിന്റെ മുട്ടകളാണെന്നും കുറെനാൾ കൂടി അവ കടലിൽ ജീവിച്ചാൽ ഈ മുട്ടകൾ വിരിഞ്ഞ് റാൾക്കുട്ടികൾ ഉണ്ടാവുമെന്നും സുധി അന്നു തിരിച്ചറിഞ്ഞു. അതിനെ കടലിൽ വിടാതെ കൊണ്ടുവന്നതെന്തേ എന്ന് വേലുവിനോടു ചോദിച്ചതായാണ് ഓർമ. എന്തായാലും ആ പെറാളിനെ പിടിച്ചത് പാപമാണെന്ന തോന്നൽ സുധിയെ അന്നു കുറച്ചൊന്നുമല്ല വേദനിപ്പിച്ചത്. അതിനുശേഷം വേലു കരയണഞ്ഞാലുടൻ സുധി ഓടിപ്പോയി കട്ടമരത്തിൽ കെട്ടിയിട്ടിരിക്കുന്ന ആ ചരട് പിടിച്ചുവലിക്കും. പിന്നെപ്പിന്നെ അത് അയാളുടെ മാത്രം അവകാശമായി, അതുപോലെ തന്നെ വേലു കടലിലേക്കു പോകുമ്പോൾ റാളു പിടിക്കാനുള്ള



↑ മണികണ്ഠൻ കടലിനടിയിൽനിന്ന് ഷെല്ലുകൾ ശേഖരിക്കുന്നു



↑ സുധി കടലിനടിയിൽ

കൂടുകൾ മരത്തിലെടുത്തുവെക്കുന്നത്.

ചെന്നെത്താവുന്ന പ്രദേശങ്ങളിൽനിന്ന് കാട്ടിലെ വിഭവങ്ങൾ ശേഖരിക്കുകയും അവരുടെ കുടിലിനോടടുത്തുള്ള ചെറിയ ഇടങ്ങളിൽ പലതരം കിഴങ്ങുകൾ കുഴിച്ചിട്ട് വളർത്തി അത്യാവശ്യഘട്ടത്തിൽ അവയെടുത്ത് ഉപയോഗിക്കുകയും ചെയ്യുക ആദിവാസി ഊരുകളിൽ പതിവാണ്. അതുപോലെ കടലിനടിയിലെ പാറകളിൽ വളർന്നുകിടക്കുന്ന ചിപ്പികളും ശംഖുകളും അവക്കു ചുറ്റും നീന്തിത്തുടിക്കുന്ന മത്സ്യങ്ങളും എല്ലാവർക്കും സ്വന്തമാണെങ്കിലും പാറകൾക്കിടയിലെ ചെറുതും വലുതുമായ പാറയിടുക്കുകൾ (വാഴികൾ) പരമ്പരാഗതമായി അവിടെ പണിയെടുക്കുന്ന ഓരോ കുടുംബത്തിൻെറയും സ്വന്തമാണ്. കല്ലുറാളുകളുടെ താവളമാണ് ഈ പാറയിടുക്കുകൾ. അവിടെയാണ് വേലു കൂടുവെച്ച് റാളു പിടിക്കുന്നത്. ചിപ്പിയെടുക്കാൻ കടലിലേക്കു കട്ടമരം ഇറക്കിയാൽ ആദ്യം കൂടുവെച്ചിരിക്കുന്ന ഇടങ്ങളിലേക്കാവും പോകുക. അവിടെയെത്തിയാൽ കൂടിരിക്കുന്ന ഇടമറിയാൻ ചില പരമ്പരാഗത രീതികളുണ്ട്. പിന്നെ കൊളുത്തുമായി മുങ്ങി കൂട്ടിൽകൊളുത്തിവെച്ച് തിരികെയെത്തി കൂട് വലിച്ചെടുക്കും. കൂട്ടിലകപ്പെട്ട റാളുകൾ മാത്രം എടുത്തശേഷം അതിനുള്ളിൽ ഇരയിട്ട് തിരികെ കൊണ്ടുചെന്ന് ഭദ്രമായി വെക്കും. വേലുവിനെ കടലിലേക്ക് യാത്രയാക്കിയശേഷമുള്ള കടൽകുളിക്കിടെ സുധി അവിടത്തെ കടലിൽ നടക്കുന്ന കാര്യങ്ങളും ശ്രദ്ധിക്കാൻ തുടങ്ങി. വേലു സ്ഥിരം മൂന്നിടങ്ങളിലാണ് കൂടുവെക്കുകയും തിരികെ എടുക്കുകയും ചെയ്യുക. ആ മൂന്നിടങ്ങളും സുധിക്കും മനഃപാഠമായി. ഒപ്പം അവ മൂന്നും കടലിലെ അയാളുടെ സ്വകാര്യയിടമാണെന്ന തോന്നലും.

ആ കടൽക്കരയിൽനിന്ന് രണ്ടര കി.മീറ്റർ അകലെ മുട്ടക്കാട് എന്ന ഗ്രാമത്തിലാണ് സുധിയുടെ വീട്. മുട്ടക്കാട് മലയുടെ താഴ്വാരങ്ങളിൽ കപ്പയും കാച്ചിലും നട്ട് ജീവിച്ചിരുന്ന പുലയസമുദായത്തിൽപെട്ടവരാണ് സുധിയുടെ പൂർവികർ. അന്നൊക്കെ കപ്പയും കാച്ചിലിനും ഒപ്പം ചിപ്പിയിറച്ചി വേവിച്ചും കറിയാക്കിയും രണ്ടുനേരം അവർ വിശപ്പടക്കും. കരയിലെ കൃഷിപ്പണി കഴിഞ്ഞ് കറിക്ക് ചിപ്പിയെടുക്കാൻ കടൽക്കരയിലെത്തിയിരുന്ന പൂർവികരിൽ ആരോ ചിപ്പിയെടുക്കുന്നത് മുഖ്യതൊഴിലായി മാറ്റിയിരിക്കാം. വിതച്ചുകൊയ്യുന്ന കരപ്പണിയിൽനിന്നും വിതക്കാതെ കൊയ്യുന്ന കടൽപണിയിലേക്ക് ഏതോ കാരണവർ നടത്തിയ ആ ചുവടുമാറ്റം തങ്ങളുടെ സമൂഹത്തിൻെറ ചരിത്രത്തിലെ നാഴികക്കല്ലായി തീരുകയായിരുന്നുവെന്നാണ് സുധിയുടെ പക്ഷം.

സുധി ഏഴാംതരം പരീക്ഷ കഴിഞ്ഞ് പഠനം തുടരുമ്പോൾ ഉണ്ടായ കാര്യങ്ങൾ ഇന്നലെയെന്നപ്പോലെ അയാൾക്ക് ഓർത്തെടുക്കാനാവും. സ്കൂളിലെ വിരസമായ ക്ലാസുകൾക്കിടയിൽ ഓളമടിച്ചെത്തുന്ന പകൽക്കിനാവുകളിലും വീട്ടിലെ ഉറക്കത്തിനിടയിലെ രാത്രി സ്വപ്നങ്ങളിലും വേലുക്കുട്ടി റാളു പിടിക്കാൻ വെച്ചിരുന്ന കൂടുകളും പരിസരവും നിറഞ്ഞുനിൽക്കാൻ തുടങ്ങി. വഴിക്കുള്ളിൽനിന്ന് റാളുകൾ ഇറങ്ങിവരുന്നതും കൂടിനുള്ളിലെ ഇര കണ്ടു മോഹിച്ച് പതിയെ കൂടിൻെറ ഒറ്റ വാതിലിലൂടെ കുമ്പിട്ടുകയറുന്നതും അയാൾ അതിലൂടെ കാണും. വീട്ടിൽ എന്നും അച്ഛൻെറ അരികുപറ്റിയാണ് അയാൾ ഉറങ്ങുക. ഒരിക്കൽ ആ ഉറക്കത്തിനിടെ അയാൾ ഉറക്കെ ചിരിക്കുന്നത് വേലു കണ്ടു. അന്ന് അഞ്ചു മണിക്കുണർന്ന് കടൽക്കരയിലേക്കു പോകുംവഴി വേലു അതേപ്പറ്റി തിരക്കി. ഉടൻ വേലുവിൻെറ ചൂണ്ടാണി വിരലിലെ പിടിവിട്ട് സുധി നടത്തം നിർത്തി, വേലുവിൻെറ മുഖത്തുതന്നെ നോക്കിനിന്നു. പിന്നെ വിശേഷിപ്പിക്കാനാവാത്ത ഒരു ചിരി ചിരിച്ചു. “എല്ലാം അച്ഛനറിയുന്നുണ്ടല്ലേ” എന്നാവും ആ ചിരിയുടെ ഉള്ളടക്കം. കൂട്ടിനകത്തു കടന്ന റാൾ പുറത്തേക്കു കടക്കാൻ ആവാതെ കിടന്നു കറങ്ങുന്ന കറക്കംകണ്ടാണയാൾ സ്വപ്നത്തിൽ പൊട്ടിച്ചിരിച്ചത്. “ഇനി അതും അച്ഛൻ അറിഞ്ഞിട്ടുണ്ടാവുമോ?” വേലുവിൻെറ കൈയിൽ വീണ്ടും പിടിമുറുക്കി നടന്നു നീങ്ങവെ സുധി ഇങ്ങനെ പറഞ്ഞു. “എനിക്കതു കാണണം.” ഇപ്പോൾ വേലുവാണ് നടത്തം നിർത്തിയത്. “നിനക്ക് എന്താണ് കണേണ്ടത്, “സ്വപ്നത്തിൽ നീ ചിരിക്കുന്നതോ?” വേലു ചോദിച്ചു. “അല്ല, അച്ഛൻ റാളു പിടിക്കാൻ കൂടുവെച്ചിരിക്കുന്ന കടലിലെ നമ്മുടെ ഇടങ്ങൾ കാണണം.” സുധിയുടെ ആ വർത്തമാനം കേട്ട് വേലു അയാളുടെ നെറുകയിൽ ഉമ്മവെച്ചു. അന്നുതന്നെ അതെല്ലാം കാട്ടിക്കൊടുക്കാമെന്ന് ഉറപ്പും നൽകി.

അന്നു കട്ടമരമെല്ലാം എടുത്തുവെച്ച് കൂട്ടിക്കെട്ടി കടലിലേക്കിറക്കുമ്പോൾ വേലു സുധിയെയും ഒപ്പം കൂട്ടി. താൻ ഇരിക്കുന്ന കട്ടമരത്തിൻെറ തൊട്ടടുത്തുതന്നെ സുധിയെയും ഇരുത്തി തുഴഞ്ഞ് കൂടുകളിരിക്കുന്ന ഇടത്തെത്തി. കടലിനടിയിലെ പാറകളിൽപെടാത്തവിധം കുറച്ചകലെയായി കട്ടമരം ആങ്കർ ചെയ്തശേഷം വേലു ‘കണ്ണാടി’ യെടുത്തു അതിൽ തുപ്പി. പിന്നെ കടൽവെള്ളം കോരിയൊഴിച്ച് തേച്ചു കഴുകി. അതെടുത്ത് മുഖത്തുവെച്ച് നാലുപാടും നോക്കി പതിയെ കടലിലേക്കിറങ്ങി. കടലിനുള്ളിലേക്ക് മുഖമമർത്തി ചുറ്റും കറങ്ങിനോക്കിയ അയാൾ തിരികെ കടലിന് മുകളിലേക്ക് മുഖമുയർത്തി സുധിയോടു ഇറങ്ങിവരാൻ ആംഗ്യംകാണിച്ചു. അത് കണ്ടമാത്രയിൽ സുധി എടുത്തൊരു ചാട്ടം ചാടി. പിന്നെ സുധിയുടെ മുഖത്ത് കണ്ണാടി വെപ്പിച്ച് വേലു ഓരോന്നു കാട്ടിക്കൊടുത്തു. കറനീരില്ലാത്ത കടലായതിനാൽ കടലിൽ മുഖമമർത്തി വെറുതെ കിടന്നാൽ മതി അടിത്തട്ടുവരെ കാണാം. കോവളം കടൽ സ്നോർക്ലിങ്ങിനായി വിദേശികൾ തിരഞ്ഞെടുക്കുന്നതും അതിനാലാണ്.

അന്ന് ആദ്യമായാണ് സുധി കടലിൻെറ അകക്കാഴ്ചകൾ കാണുന്നത്. പാറകൾക്കിടയിലെ വാഴിവളപ്പിൽ വേലു വെച്ചിരിക്കുന്ന കൂടുകളും അവിടത്തെ പാറമുകളിൽ പറ്റി വളരുന്ന ചിപ്പികളും ചുറ്റും പലതരം മീനുകളുടെ അലസ സഞ്ചാരവും എല്ലാം അയാൾ കടലിനു മീതെ കമഴ്ന്നു കിടന്നു കണ്ടു. വേലുവിൻെറ ബലിഷ്ഠമായ കരങ്ങൾ അയാളെ താങ്ങി അതിന് സഹായിച്ചു. അതിൻെറ അടിയിലേക്കു പോയി തൊട്ടിട്ടു വരാൻ സുധിക്ക് തോന്നാതിരുന്നില്ല. പക്ഷേ, അച്ഛൻ സമ്മതിക്കില്ല. കുറെ കഴിഞ്ഞ് രണ്ടാളും കാഴ്ച കാണൽ നിർത്തി തിരികെ മരത്തിനടുത്തേക്കു വന്നു. മരത്തിലേക്ക് വലിഞ്ഞു കയറുമ്പോൾ സുധിയുടെ മനസ്സിൽ പേരറിയാതൊരു ആഹ്ലാദം. മുഖത്തെ വെള്ളം കൈകൊണ്ടു തുടക്കുന്നതിനിടയിൽ അയാൾ അച്ഛനെ ആദ്യം സ്നേഹത്തോടെ നോട്ടംകൊണ്ടുഴിഞ്ഞു, പിന്നെ ചെറുചിരിചിരിച്ചു. കടൽക്കാഴ്ചകളിൽ അലിഞ്ഞുചേർന്നവർക്കേ ആ ചിരിയുടെ അർഥം പിടികിട്ടൂ.

**വിതച്ചുകൊയ്യുന്ന കരപ്പണിയിൽനിന്ന് വിതക്കാതെ കൊയ്യുന്ന കടൽപ്പണിയിലേക്ക് ഏതോ കാരണവർ നടത്തിയ ആ ചുവടുമാറ്റം തങ്ങളുടെ സമൂഹത്തിൻെറ ചരിത്രത്തിലെ നാഴികക്കല്ലായി തീരുകയായിരുന്നുവെന്നാണ് സുധിയുടെ പക്ഷം.**

അയാൾ തിരികെ വീട്ടിലെത്തി ഉത്സാഹത്തോടെ പള്ളിക്കൂടത്തിൽ പോയി. പഠിക്കുക എന്നതിനെക്കാളും കടലനുഭവങ്ങൾ കൂട്ടുകാരോടു പങ്കുവെക്കുന്നതിലായിരുന്നു പിന്നെ താൽപര്യം. ഓരോ കാഴ്ചകളുടെ പങ്കുവെക്കലിലും അയാൾ ആവേശത്തിൻെറ അംബരം തൊട്ടു. പക്ഷേ, ആ ആവേശത്തിൽ പഠനം ഭൂമിയോളം താഴ്ന്നത് അയാൾ വൈകിയാണ് അറിഞ്ഞത്. ഒടുവിൽ ഒരുവിധം പത്താംതരംവരെ എത്തിയെങ്കിലും പല വിഷയങ്ങൾക്കും തോറ്റു. ആ തോൽവികളിൽനിന്ന് രക്ഷനേടി സുധി കടലിൻെറ തോഴനായി.

അച്ഛനോടൊപ്പം ചിപ്പിയെടുത്തുതുടങ്ങിയ സുധിക്ക് അധികം താമസിയാതെ അവിടത്തെ കടലിലെ എല്ലാ പാരുകളെയും വേലുക്കുട്ടി പരിചയപ്പെടുത്തിക്കൊടുത്തു. എന്നാൽ, ഇന്ന് സുധിയുടെ പ്രധാന തൊഴിൽ ഹാർപ്പൂണിങ്ങാണ്. അതിലേക്ക് തിരിയാൻ രണ്ടു കാരണങ്ങളാണ് സുധി നിരത്തുന്നത്. ഒന്ന് തൊഴിലിൽ അച്ഛനെപ്പോലെ മുമ്പനാവണം. പിന്നെ കോവളം പ്രദേശത്തെ പാരുകൾക്കിടയിലെ മുമ്പനാണ് അളുവാക്കല്ല്. ഈ പാര് അറിയപ്പെടുന്നത് ചിപ്പിയുള്ള ഇടമെന്നല്ല. മറിച്ച് ആഴക്കടലിലെ കലവ വർഗത്തിൽപെട്ട അളുവ മത്സ്യങ്ങൾ തങ്ങുന്ന പാരാണത്. ഒരിക്കൽ അതേപ്പറ്റി സുധി പറഞ്ഞതിങ്ങനെ: “കോവളത്ത് നമ്മളീകാണുന്ന വിദേശികൾ അവരുടെ രാജ്യം വിട്ട് ഈ സീസണിൽ ഇവിടെ വന്നു തങ്ങുന്നതിന് പിന്നിലെ രഹസ്യമെന്താണ്? അവരുടെ രാജ്യത്ത് ഇതുപോലുള്ള തീരങ്ങൾ ഇല്ലാഞ്ഞിട്ടാണോ? അല്ല, ഈ സീസണിൽ അവർക്കവിടത്തെ കാലാവസ്ഥയുമായി പൊരുത്തപ്പെട്ടുപോകാൻ കഴിയാത്തതിനാലാണ്. അവിടത്തെ അതിശൈത്യത്തെയോ അത്യുഷ്ണത്തെയോ തരണം ചെയ്യാനാണ് അവരിവിടെ വരുന്നത്. അതു കഴിഞ്ഞാൽ അവർ തിരികെ പോകും. നാടു കാണാനാണ് വരുന്നതെങ്കിൽ അവർക്ക് എപ്പോൾ വേണമെങ്കിലും വരാമല്ലോ?”ഇത്രയും പറഞ്ഞു നിർത്തിയ ശേഷം അയാൾ അയാളുടെ കടലോളം പരന്നുകിടക്കുന്ന കടലറിവുകൾ വീണ്ടും പങ്കുവെച്ചു.

കോവളത്തെത്തുന്ന വിദേശികളെപ്പോലെ ആഴക്കടലിൽ ശൈത്യം സഹിക്കാതാവുമ്പോൾ അവിടത്തെ മത്സ്യങ്ങൾ പലതും തീരത്തോടടുത്ത പാരുകൾ തേടിയെത്തും. അങ്ങനെയെത്തുന്ന മത്സ്യങ്ങളിൽ പ്രധാനിയാണ് അളുവകൾ. അവ വന്നുകഴിഞ്ഞാൽ ഇവിടത്തെ പാറപ്രധാനിയായ അളുവാക്കല്ലിലാണ് തങ്ങുക. അളുവകൾക്കു വിശ്രമിക്കാനും ഇര തേടാനുമുള്ള സൗകര്യം ഇവിടെയുണ്ടെന്നാണ് സുധിയുടെ പക്ഷം. കാരണം അളുവാക്കല്ലിൻെറ അടിവാരങ്ങളിൽ അവക്ക് തങ്ങാനാവശ്യമായ വിസ്തൃതിയും തണുപ്പുമുണ്ടാവും. കൂടാതെ അളുവാക്കല്ലിന് തൊട്ടു വടക്ക് കിഴക്ക് ആറു മീറ്റർ അകലെയാണ് കരക്കല്ലിൻെറ സ്ഥാനം. അവിടെയാണ് ചെറുമത്സ്യങ്ങൾ ഏറെയുള്ളത്. കരക്കല്ലിൽനിന്ന് ഒറ്റപ്പെട്ട് ഓടിയെത്തുന്ന മത്സ്യങ്ങൾ അളുവകൾക്ക് ഇരയാകും. അഥവാ അങ്ങനെ ഇര ലഭിച്ചില്ലെങ്കിൽ അളുവകൾ കരക്കല്ലിലേക്കു പോയി ചെറു മത്സ്യങ്ങളെ വേട്ടയാടും. ഒരിക്കൽ വേട്ടയാടിക്കഴിഞ്ഞാൽ അവയുടെ വിശ്രമസ്ഥാനത്തുതന്നെ കൃത്യമായി തിരികെയെത്തും. അളുവകളുടെ ഈ ജീവിതചര്യ നിരന്തരം നിരീക്ഷിച്ചു മനസ്സിലാക്കുന്നിടത്താണ് സുധിയുടെ തൊഴിൽ മികവ്. കടലിലെ ‘വേട്ടക്കാരുടെ’ ദേശാടനങ്ങൾ തിരിച്ചറിഞ്ഞ് അവയെ വേട്ടയാടിപ്പിടിക്കുന്നതാണ് സുധിയുടെ ഇന്നത്തെ തൊഴിൽ. കടലിനു തെളിവുണ്ടെങ്കിൽ ഗണ്ണുമായി കടലാഴങ്ങളിലേക്ക് വേട്ടക്കിറങ്ങുന്ന സുധിക്ക് വെറുംകൈയോടെ മടങ്ങിവരേണ്ടി വരില്ല.

↓ അളുവക്കല്ലിലെ അളുവ മത്സ്യം





↑ കടലിനടിയിൽ സുധിയുടെ കാമറയിൽ പതിഞ്ഞ വർണമത്സ്യങ്ങൾ

ഒരു പ്രത്യേക സീസണാവുമ്പോൾ അളുവക്കല്ലിലും പരിസരത്തുമായി അയാൾ അളുവക്കുഞ്ഞുങ്ങളെയും കലവക്കുഞ്ഞുങ്ങളെയും കാണാറുണ്ട്. തീരെ ചെറുതായതിനാൽ അവയെ ഹാർപ്പൂണിങ്ങിലൂടെ ഒരിക്കലും പിടിക്കാറില്ല. സുധിയുടെ അഭിപ്രായത്തിൽ ആഴക്കടലിൽനിന്ന് ഇവ ഇവിടെയെത്തുന്നതിൻെറ പ്രധാന ലക്ഷ്യം ഇരതേടലല്ല, മുട്ടയിടുകയാണ്. കടൽവെള്ളത്തിന് തണുപ്പുകൂടിയ അവസ്ഥയിൽ ഇവ അവിടെ മുട്ടയിട്ടാൽ വിരിയണമെന്നില്ല. കുറച്ചുകൂടി തണുപ്പു കുറഞ്ഞ വെള്ളത്തിലെ പാറയിടുക്കിൽ മുട്ടയിടാനാവണം കരയോടടുത്ത പാരിടങ്ങൾ തേടി ഇവയുടെ ആണ്ടോടാണ്ട് മുടങ്ങാതെയുള്ള ഈ യാത്ര. വിഴിഞ്ഞത്ത് അദാനിക്കുവേണ്ടി പരിസ്ഥിതി ആഘാതപഠനം നടത്തി റിപ്പോർട്ടു തയാറാക്കി നൽകിയ വിദഗ്ധരോട് സുധി ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: “നിങ്ങളിൽ ആരെങ്കിലും ഈ കടലിൻെറ അടിത്തട്ടു കണ്ടവരാണോ? അവിടത്തെ കടൽ പരിസ്ഥിതിയും ജീവജാലങ്ങളും തമ്മിൽ ഇതുപോലുള്ള ബന്ധം മനസ്സിലാക്കിയവരാണോ?” ശീതീകരിച്ച കെട്ടിടങ്ങളിൽ ഇരുന്നു മാത്രം സമുദ്രഗവേഷണം നടത്തുന്ന, കടലിൽ ശരിക്ക് നീന്താൻപോലും അറിയാത്ത നമ്മുടെ സമുദ്രഗവേഷകർക്കും ഈ ചോദ്യം ബാധകമാണ്.

**ഒരു പ്രത്യേക സീസണാവുമ്പോൾ അളുവക്കല്ലിലും പരിസരത്തുമായി അയാൾ അളുവക്കുഞ്ഞുങ്ങളെയും കലവക്കുഞ്ഞുങ്ങളെയും കാണാറുണ്ട്. തീരെ ചെറുതായതിനാൽ അവയെ ഹാർപ്പൂണിങ്ങിലൂടെ ഒരിക്കലും പിടിക്കാറില്ല. സുധിയുടെ അഭിപ്രായത്തിൽ ആഴക്കടലിൽനിന്ന് ഇവ ഇവിടെയെത്തുന്നതിൻെറ പ്രധാന ലക്ഷ്യം ഇരതേടലല്ല, മുട്ടയിടുകയാണ്.**

കേരള മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ഗീത ഗോപിനാഥ് കേരളസമൂഹത്തോടു പറഞ്ഞ ഒരു കാര്യം ഇവിടെ പ്രസക്തമാണ്. “നിങ്ങൾക്ക് വിദ്യാഭ്യാസം ഉണ്ടോ എന്നല്ല ശരിയായ നൈപുണ്യം ഉണ്ടോ എന്നതിലാണ് കാര്യം.” നമ്മുടെ നാട്ടിൽ തൊഴിൽ നൈപുണ്യവികസനത്തിനായി എത്രയോ പദ്ധതികളാണ് നാൾക്കുനാൾ പറഞ്ഞുകേൾക്കുന്നത്. സുധിയെപോലുള്ളവരുടെ തൊഴിൽ നൈപുണ്യം ശ്രദ്ധിക്കപ്പെടുകയും വികസിപ്പിക്കുകയും ചെയ്താൽ അതു നമ്മുടെ സമുദ്രപരിസ്ഥിതി ഗവേഷണമേഖലക്ക് മുതൽക്കൂട്ടാവുകയും ഈ തദ്ദേശ സമൂഹങ്ങളുടെ അറിവും അനുഭവവും സമുദ്രഗവേഷണവുമായി ഇഴചേർക്കപ്പെടുകയും ചെയ്യില്ലേ? ●